MONDAY 06-12-2021 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : George Sebastian    Editor : Dr Asha T T

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 06/12/2021

1. കർഷകക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കാൻ കർഷകർക്ക് ഈ മാസം 8 (ഡിസംബർ 8) മുതൽ http://kfwfb.kerala.gov.in എന്ന വെബ് പോർട്ടൽ വഴി അപേക്ഷിക്കാം. നിലവിൽ കർഷക പെൻഷൻ ലഭിക്കുന്നവർക്ക് തുടർന്ന് ക്ഷേമനിധി മുഖേനയാണ് പെൻഷൻ ലഭിക്കുക. പതിനെട്ടിനും 55-നും ഇടയിൽ പ്രായമുള്ള, മൂന്നു വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവനമാർഗമായി സ്വീകരിക്കുകയും മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമല്ലാത്തവരുമായ കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. 100 രൂപ രജിസ്ട്രേഷൻ ഫീസടച്ച് അപേക്ഷിക്കണം. അഞ്ച് സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും ഭൂമി കൈവശമുള്ള, അഞ്ചു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരാകണം അപേക്ഷകർ. ഉദ്യാനകൃഷി, ഔഷധ സസ്യക്കൃഷി, നഴ്സറി നടത്തിപ്പ് എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മത്സ്യം, അലങ്കാരമത്സ്യം, കക്ക, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, ആട്, മുയൽ, കന്നുകാലി ഉൾപ്പെടെയുള്ളവയെ പരിപാലിക്കുന്നവർക്കും അപേക്ഷിക്കാം. ക്ഷേമനിധിയിൽ അംഗമാകുന്നവർ മാസംതോറും അംശാദായം അടയ്ക്കണം. ആറ് മാസത്തെയോ ഒരു വർഷത്തെയോ തുക ഒന്നിച്ച് അടയ്ക്കാനുമുള്ള സൗകര്യം ലഭ്യമാണ്. 100 രൂപയാണ് കുറഞ്ഞ പ്രതിമാസ അംശാദായത്തുക. 250 രൂപവരെയുള്ള അംശാദായത്തിന് തുല്യമായ വിഹിതം സർക്കാരും അടക്കും. അഞ്ചു വർഷത്തിൽ കുറയാതെ അംശാദായം അടയ്ക്കുകയും കുടിശ്ശികയില്ലാതെ ക്ഷേമനിധിയിൽ അംഗമായി തുടരുകയും 60 വയസ്സ് പൂർത്തിയാക്കുകയും ചെയ്ത കർഷകർക്ക് അടച്ച അംശാദായത്തിന്റെ ആനുപാതികമായി പെൻഷൻ ലഭിക്കുന്നതാണ്. കുറഞ്ഞത് അഞ്ചു വർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ചശേഷം മരണമടയുന്നവരുടെ കുടുംബത്തിനാണ് കുടുംബ പെൻഷൻ ലഭിക്കുക.

2. കർഷകരിലേക്ക് ലോക മണ്ണു ദിനത്തിന്റെ (ഡിസംബർ 5) പ്രാധാന്യവും സന്ദേശവും എത്തിക്കുന്നതിനായി കോഴിക്കോട് ജില്ലാ മണ്ണു പരിശോധനാ ലബോറട്ടറിയുടെ നേതൃത്വത്തിൽ ഈ മാസം 10 മുതൽ 20 വരെ (ഡിസംബർ 10 മുതൽ 20 വരെ) പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പ്രവൃത്തിസമയങ്ങളിൽ ലാബ് സന്ദർശിക്കാനും സംശയ നിവാരണത്തിനും അവസരമൊരുക്കുന്നു. അതോടൊപ്പം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ജില്ലയിലെ കർഷകർക്കായി ലോകമണ്ണു ദിനം പ്രമാണിച്ച് " **മണ്ണ്**" എന്ന വിഷയത്തിൽ കവിതാരചന മത്സരം സംഘടിപ്പിക്കുന്നു. ഈ മാസം 10-നു **(ഡിസംബർ 10-നു) മുമ്പായി അസിസ്റ്റന്റ് സോയിൽകെമിസ്റ്റ്, ജില്ലാമണ്ണു പരിശോധനാ കേന്ദ്രം, തിക്കോടി - (പി.ഒ) . കോഴിക്കോട് 673 529 (പിൻ)** എന്ന മേൽവിലാസത്തിൽ കവിതകൾ ലഭിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383471791** എന്ന ഫോൺ നമ്പരിലോ **ascdstlthikkoti@gmail.com** എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

3. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിൽ തിരുവനന്തപുരം പാറോട്ടുകോണത്ത് സ്ഥിതിചെയ്യുന്ന ജില്ലാമണ്ണ് പരിശോധനശാലയിൽ കൃഷി ഓഫീസറുടെ ശുപാർശ കത്തോടുകൂടി വരുന്ന കർഷകർക്ക് സൗജന്യമായി മണ്ണ് പരിശോധിച്ച് വളപ്രയോഗ ശുപാർശ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2533044** എന്ന ഫോൺ നമ്പരിലോ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ്, ജില്ലാ മണ്ണ് പരിശോധനശാല, പാറോട്ടുകോണം, തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടുക.

4. എഫ്.പി.ഒ പ്രോത്സാഹന പദ്ധതി പ്രകാരം എസ്.എഫ്.എ.സി കേരള മുഖേന രൂപീകരിച്ച മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന പെരിന്തൽമണ്ണ ഫാർമർ പ്രൊഡ്യൂസർ കമ്പനിയിൽ മൂന്ന് വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. 25 വയസിനും 35 വയസിനും ഇടയിൽ പ്രായമുള്ള എം.ബി.എ/അഗ്രി ബിസിനസ് മാസ്റ്റേഴ്സ് ഡിഗ്രി, ബി.എസ്.സി അഗ്രി/ ബി.ടെക്ക് അഗ്രി/വെറ്ററിനറി/ ബി.എഫ്.എസ്.സി/ഗ്രാമീണ വികസനം/ മറ്റ് വിഷയങ്ങളിൽ ബിരുദം ഉള്ളവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ പ്രവൃത്തി പരിചയവും യോഗ്യതയും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ബയോഡേറ്റയോടൊപ്പം perinthalmannafpcltd@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **8075611914** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. ഈ വർഷത്തെ ലോക മണ്ണുദിനത്തോടനുബന്ധിച്ച് നടത്തുന്ന മണ്ണു ദിന വാരാഘോഷത്തിന്റെ ഭാഗമായി തിരുവനന്തപുരത്തെ സഞ്ചരിക്കുന്ന മണ്ണ് പരിശോധനാശാല നാളെ (ഡിസംബർ 7-ന്) അഴൂർ, 9-ന് പുളിമാത്ത്, 13-ന് ആര്യങ്കോട്, 15-ന് കുന്നത്തുകാൽ, 18-ന് കള്ളിക്കാട്, 20-ന് അണ്ടൂർക്കോണം,

23-ന് മടവൂർ, 28-ന് വിളവൂർക്കൽ എന്നീ കൃഷിഭവനുകളിൽ വച്ച് മണ്ണുപരിശോധനാ ക്യാമ്പയിനുകൾ നടത്തുന്നുണ്ട്.

**പരിശീലന പരിപാടികൾ**

6. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 22-ന് **ചീരയുടെ ജൈവകൃഷി** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 2966041** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. വലിയതുറ സ്റ്റേറ്റ് ഫോഡർഫാമിനോടനുബന്ധിച്ചുള്ള തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ വച്ച് രാവിലെ 10.30 മുതൽ **സൈലേജ് ഫോഡർ മാർക്കറ്റിംഗ്** എന്ന വിഷയത്തിൽ ഈ 9,10 (**ഡിസംബർ 9,10**) തീയതികളിൽ രണ്ട് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഡിസംബർ 8-ന് രാവിലെ 4 മണിക്ക് മുമ്പായി **8078599881, 9400831831** എന്നീ നമ്പരുകളിൽ വാട്ട്സാപ്പ് നമ്പരിൽ നിന്നും വിളിച്ച് പേര് രജിസ്റ്റർ ചെയ്യണമെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

8. കോഴിക്കോട് ക്ഷീര പരിശീലനകേന്ദ്രത്തിൽ വച്ച് ഈ മാസം 9,10 തീയതികളിൽ ക്ഷീരകർഷകർക്കായി **തീറ്റപ്പുൽവളർത്തലിൽ** പരിശീലനം നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് പരിശീലനത്തിൽ പങ്കെടുക്കാൻ കഴിയുന്നത്. പ്രവേശന ഫീസ് 20 രൂപയാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർഡ്, ബാങ്ക് പാസ്ബുക്ക്, രണ്ട് ഡോസ് കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0495 – 2414579** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 9, 10 തീയതികളിൽ കറവപ്പശുപരിപാലനം, 22-ന് പന്നി വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0484-2631355** എന്ന ഫോൺ നമ്പരിൽ വിളിച്ചോ, **9188522708** എന്ന നമ്പരിൽ വാട്ട്സാപ്പ് സന്ദേശമയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ഇന്നു മുതൽ 17 വരെ (**ഡിസംബർ 6 മുതൽ** 17) ക്ഷീരകർഷകർക്കായി സംഘടിപ്പിക്കുന്ന **പാലുത്പന്നങ്ങളുടെ നിർമ്മാണം**

എന്ന വിഷയത്തിലെ പരിശീലനത്തിൽ പങ്കെടുക്കാൻ ഇന്ന് (ഡിസംബർ 6-ന്) രാവിലെ 10 മണിക്ക് മുമ്പായി **8075028868, 9947775978, 0476-2698550** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡ്, രണ്ട് ഡോസ് കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം